**പട്ടികജാതി വികസന വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്**
**(നിലവിൽ : അബ്ദുൾ മജീദ് കക്കോട്ടിൽ)**

വിഷയം : പട്ടികജാതി വികസനം – ജീവനക്കാര്യം – കാസർഗോഡ്, കാറഡുക്ക ഗവ: പ്രീ–മെട്രിക്ക് ഹോസ്റ്റൽ വാർഡൻ ശ്രീ. പൂവപ്പഷെട്ടി–യെ സർവ്വീസിൽ നിന്നും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : കാസർഗോഡ് ജില്ല പട്ടികജാതി വികസന ഓഫീസറുടെ 05–09–2019–ലെ എസ്1–8530/2019 നമ്പർ കത്ത്.

---

ഉത്തരവ് നം. എസ്റ്റാ. എ4 – 16484/19 തീയതി : 17–09–2019

---

കാസർഗോഡ്, കാറഡുക്ക ഗവ: പ്രീ–മെട്രിക്ക് ഹോസ്റ്റൽ വാർഡൻ ശ്രീ. പൂവപ്പഷെട്ടി, മദ്യപിച്ച് ടി സ്ഥാപനത്തിലെ അന്തേവാസികളെ ദേഹോപദ്രവം ചെയ്യാറുണ്ടെന്നും, അസഭ്യം പറയാറുണ്ടെന്നും, ഹോസ്റ്റലിൽ വിതരണം ചെയ്യുന്ന ഭക്ഷണം വൃത്തിയായി പാചകം ചെയ്യിപ്പിക്കാറില്ലായെന്നും, ഭക്ഷണത്തിൽ നിന്നും പാറ്റ, പല്ലി എന്നിവയുടെ അവശിഷ്ടങ്ങൾ ലഭിക്കാറുണ്ടെന്ന് അന്തേവാസികൾ മൊഴി നൽകിയിട്ടുള്ളതായും സൂചന പ്രകാരം കാസർഗോഡ് ജില്ല പട്ടികജാതി വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിശോധനയിൽ ടിയാന്റെ മേൽ പരാമർശിക്കപ്പെട്ട പ്രവർത്തികൾ സർക്കാർ ഉദ്യോഗസ്ഥനെന്ന നിലയിൽ ടിയാന്റെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ചയായി ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കാസർഗോഡ്, കാറഡുക്ക ഗവ: പ്രീ–മെട്രിക്ക് ഹോസ്റ്റൽ (ആൺ) വാർഡൻ ശ്രീ. പൂവപ്പഷെട്ടി –യെ ഉടൻ പ്രാബല്യത്തിൽ വരത്തക്കവണ്ണം സർവ്വീസിൽ നിന്നും അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ടിയാന് സസ്പെൻഷൻ കാലയളവിൽ അർഹമായ ഉപജീവനബത്തയ്ക്ക് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അർഹതയുള്ളതായിരിക്കും.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ് :–

1. ഡയറക്ടർ/അഡീഷണൽ ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരുടെ മേശമേൽ.
2. ജില്ലാ പട്ടികജാതി വികസന ഓഫീസർ, കാസർഗോഡ്
(ടിയാന്റെ സസ്പെൻഷൻ സംബന്ധിച്ച വിവരം ടിയാന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതും ആയതിനോടൊപ്പം ടി ഹോസ്റ്റലിലെ വാർഡൻ തസ്തികയിലെ ചാർജ്ജ് ക്രമീകരണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്).
3. ശ്രീ. പൂവപ്പഷെട്ടി (കാസർഗോഡ് ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന)
4. എസ്റ്റാ. ബി1 സീറ്റ്.
5. കരുതൽ ഫയൽ/അധികം.